"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - പത്തനംതിട്ട ജില്ല, കുളനട വില്ലേജിൽ ബ്ലോക്ക് നം -7 ൽ സർവ്വെ നം. 423/1-ൽ പ്പെട്ടതും കുളനട ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായതുമായ 13.6000 ഹെക്ടർ ഭൂമിയിൽ നിന്ന് റവന്യൂ പുറംപോക്ക് ഭൂമി ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് ഒഴിവാക്കി, പഞ്ചായത്തിൽ നിക്ഷിപ്തമായ ഭൂമി പോളച്ചിറ അക്വാ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് പാട്ടത്തിന് അനുവദിക്കുന്നതിന് കുളനട ഗ്രാമ പഞ്ചായത്തിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പ്**

**സ.ഉ.(സാധാ) നം.661/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 05/03/2021

---

പരാമർശം:- 1 പത്തനംതിട്ട ജില്ല ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ 13.04.2018, 10.02.2020 എന്നീ തീയതികളിലെ ടിറ്റിപിസി/എൻ.പി/825/2017 നമ്പർ കത്തുകൾ.

2 കുളനട ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 24.6.2017-ലെ സാധാരണ മീറ്റിംഗിലെ XII/151/17 നമ്പർ തീരുമാനം.

3 കുളനട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16.08.2017 ലെ എ3-2005/17 നമ്പർ കത്ത്.

3 പത്തനംതിട്ട ജില്ല കളക്ടറുടെ 28.09.2020 ലെ സി5-169867/18 നമ്പർ കത്ത്.

4 ലാന്റ് റവന്യൂ കമ്മീഷണറുടെ 29.01.2021 ലെ എൽആർജെ10/28667/20 നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ജില്ല, കുളനട വില്ലേജിൽ ബ്ലോക്ക് നം -7 ൽ സർവ്വെ നം. 423/1-ൽപ്പെട്ടതും കുളനട ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായതുമായ 13.17ഹെക്ടർ പുറമ്പോക്ക് സ്ഥലത്തുൾപ്പെട്ടുവരുന്ന 52.36 ആർ സ്ഥലത്ത് പോളച്ചിറ അക്വാ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് ഭൂമിയുടെ ഉടമസ്ഥാവകാശം പഞ്ചായത്തിൽ നിലനിർത്തി ടൂറിസം വകുപ്പ വഴി പദ്ധതി നടപ്പിലാക്കുന്നതിനായി ഉപയോഗാനുമതി നല്കാൻ ജില്ലാ കളക്ടർ അധ്യക്ഷനായുള്ള ടൂറിസം പ്രൊമോഷൻ കൗൺസിൽ പരാമർശം(1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു. പ്രസ്തുത പദ്ധതി പ്രദേശത്ത് വസ്തുവിന്റെ ഉടമസ്ഥാവകാശം നിലനിർത്തിക്കൊണ്ട് വിനോദ സഞ്ചാര വകുപ്പ് വഴി ടൂറിസം പദ്ധതികൾ കൊണ്ടുവരുന്നതിന് കുളനട ഗ്രാമപഞ്ചായത്ത് പരാമർശം 2 പ്രകാരം തീരുമാനിക്കുകയും പ്രസ്തുത തീരുമാനം കുളനട ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം 3 പ്രകാരം സർക്കാരിൽ

അറിയിക്കുകയുമുണ്ടായി.

പത്തനംതിട്ട ജില്ലയിൽ കോഴഞ്ചേരി താലൂക്കിൽ കുളനട വില്ലേജിൽ ബ്ലോക്ക് നം.7-ൽ റീസർവ്വേ നം.423/1-ൽ പ്പെട്ട 13.17 ഹെക്ടർ പുറമ്പോക്ക് ഭൂമി പോളച്ചിറ അക്വാ അഡ്വഞ്ചർ പാർക്ക് ടൂറിസം പദ്ധതിയ്ക്കായിട്ടാണ് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് നൽകാൻ ആവശ്യപ്പെട്ടിരിക്കുന്നത്. വെള്ളവും കരയും ഉൾപ്പെടെയുള്ള ഭൂമി ടി പദ്ധതിയ്ക്ക് ആവശ്യമാണ്. പോളച്ചിറ എന്നത് വെള്ളക്കെട്ടോട് കൂടി കാണപ്പെടുന്ന ചിറയും, അതിന് ചുറ്റും കരയോട് കൂടി കാണപ്പെടുന്ന സ്ഥലവും ഉൾപ്പെടെ ആകെ 13.6000 ഹെക്ടർ ഭൂമിയാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 218 (1) വകുപ്പ് പ്രകാരം ജലസ്രോതസ്സുകളും അവയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ ഭൂമിയില്ലാത്ത ഭൂമിയും ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാണ്. 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമായുള്ള ഏതൊരു വസ്തുവും അവ നിക്ഷിപ്തമായിട്ടുള്ള വ്യവസ്ഥകൾ ലംഘിക്കാതെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്, പ്രസ്തുത ഭൂമി പാട്ടത്തിന് നൽകാവുന്നതാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിൽ കോഴഞ്ചേരി താലൂക്കിൽ കുളനട വില്ലേജിൽ ബ്ലോക്ക് നം.7-ൽ റീസർവ്വേ നം.423/1-ൽ പ്പെട്ട 13.6000 ഹെക്ടർ ഭൂമിയിൽനിന്നും, റവന്യൂ പുറമ്പോക്ക്ഭൂമി ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് ഒഴിവാക്കി, കുളനട ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ഭൂമി, 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 8 (1), (2) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും, കേരള പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ചിറയുടെ സംരക്ഷണം ഉറപ്പാക്കിക്കൊണ്ടും പരിസ്ഥിതിയ്ക്ക് കോട്ടം വരാതെയും, പോളച്ചിറ അക്വാ അഡ്വഞ്ചർ പാർക്ക് ടൂറിസം പദ്ധതിയ്ക്കായി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് പാട്ടത്തിന് അനുവദിക്കുന്നതിന്, കുളനട ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിശ്വനാഥ് സിൻഹ**
**പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, കുളനട ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.

അക്കൗണ്ടൻ്റ് ജനറൽ (ആഡിറ്റ്I/(ആഡിറ്റ്II), തിരുനവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

റവന്യൂ വകുപ്പ്(എ1/26/2018/റവ. &എ5/78/2019/റവ. പ്രകാരം)

നിയമ വകുപ്പ്(27493/ഉപദേശം-ഡി3/2018/നിയമം പ്രകാരം)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി(ആർസി4/269/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Danujeh

സെക്ഷൻ ഓഫീസർ

**പകർപ്പ്.**

1. തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രിയുടെ പി.എസിന്
2. തദ്ദേശ സ്വയംഭരണവകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
3. തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി(അർബൻ)യുടെ സി.എ.യ്ക്ക്